122 (524) ഏകീകൃത സർവകലാശാല

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾ ഏകീകൃത നിയമനത്തിൻ കീഴിലാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏകീകൃത യൂണിവേഴ്സിറ്റി നിയമം നടപ്പാക്കുന്നതുമൂലം പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവകലാശാലകളെ ഏകീകൃത നിയമത്തിൻ കീഴിലാക്കുന്നതിന് ഗവണ്മെന്റ് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

123 (525) കോളേജുകൾക്കും സർവകലാശാലകൾക്കും സ്വയംഭരണാവകാശം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്കും സർവകലാശാലകൾക്കും സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പഠിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ. എങ്കിൽ സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സമിതിയുടെ റിപ്പോർട്ട് ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അദ്ധ്യാപക നിയമനത്തിന് പ്രത്യേക സംസ്ഥാനതല റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് വ്യാജഡിഗ്രി സർട്ടിഫിക്കറ്റുകൾ പെരുകുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവണ്മെന്റ് പഠനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) വ്യാജഡിഗ്രി സർട്ടിഫിക്കറ്റുകൾ തടയുന്നതിനും ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നത് കാര്യക്ഷമമാക്കുന്നതിനുമായി ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 19.11.99-ൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾറ്റേറ്റീവ് കൗൺസിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതിലേയ്ക്ക് വിശദമായ ഒരു പഠനം ആവശ്യമാണെന്ന് കാണുകയും അതിനാൽ പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പ് ചെയർമാനും കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് കൺവീനറും കണ്ണൂർ സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. അലക്സാണ്ടർ കാരയ്ക്കലും മഹാത്മാഗാന്ധി സർവകലാശാല പരീക്ഷാ കൺട്രോളർ ഡോ. എൻ. രാമചന്ദ്രൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി&ഡി) ഇല്ല.

(ഇ&എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ചില ഒറ്റപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ പോലീസ് കേസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നത് കാര്യക്ഷമമാക്കുന്ന കാര്യം സർവകലാശാലയുടെ പരിധിയിൽപ്പെട്ടതാണ്.

124 (526) യു.ജി.സി. ഗ്രാന്റ് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജിന് യു.ജി.സി. ഗ്രാന്റ് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) കോഴിക്കോട് ജില്ലയിലെ മൊകേരി ഗവണ്മെന്റ് കോളേജിന് യു.ജി.സി. ഗ്രാന്റ് ലഭ്യമാക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിന് തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ എന്താണ്;

(ഡി) പ്രസ്തുത കോളേജിന് യു.ജി.സി. ഗ്രാന്റ് ലഭ്യമാക്കുന്നതിന് ഗവണ്മെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly